ഉത്തരം

(എ) 23-4-2004-ലെ ജി.ഒ. (എം.എസ്.) 46/04/വ്യവ. പ്രകാരം 760 കോടി രൂപയുടെ വികസനപദ്ധതികളാണ് കെ.എം.എം.എൽ. നടപ്പിലാക്കുവാൻ പോകുന്നത്; ഇവയിൽ മുഖ്യമായവ താഴെ പറഞ്ഞിരിക്കുന്നു.

(a) 1,50,000 MT പ്രതിവർഷ ഉല്പാദനശേഷിയുള്ള മിനറൽ സെപ്പറേഷൻ പ്ലാന്റ്.

(b) ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് പ്ലാന്റിന്റെ ഉല്പാദനശേഷി പ്രതിവർഷം 1 ലക്ഷം ടണ്ണിലേക്ക് ഉയർത്തുന്നതിനുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ.

(c) 125 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം.

(d) 40 കോടിയോളം അടങ്കൽ തുക വരുന്ന ഉപ്പുവെള്ളം ശുദ്ധീകരിച്ചിട്ടുള്ള ജല വിതരണ സംവിധാനം.

(ബി) സർക്കാർ അംഗീകാരം ലഭിച്ച പദ്ധതികൾക്കെല്ലാം വിവിധ പാക്കേജുകളിലായി ടെന്ററുകൾ ക്ഷണിച്ചിട്ടുണ്ട്. അതിൽ 11 എണ്ണത്തിന്റെ കരാർ ഉറപ്പിച്ചിട്ടുണ്ട്. കമ്പനിയുടെ നിർമ്മാണമേഖലയിലെ ഉപദേശകനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ MECON-ന്റെ അംഗീകൃതമായ ചിട്ടവട്ടങ്ങൾക്ക് അനുസൃതമായി പത്ര പരസ്യത്തിലൂടെ പ്രാഥമികയോഗ്യത നേടിയ കരാറുകാർക്കു മാത്രമേ ടെൻഡറുകൾ നൽകിയിട്ടുള്ളൂ. സാങ്കേതിക വ്യാവസായിക ശേഷി, സാമ്പത്തിക കാര്യം എന്നീ രണ്ടു ഭാഗങ്ങളായി പ്രസ്തുത ടെന്ററുകൾ MECON കൂടി ഉൾപ്പെട്ടിട്ടുള്ള ടെൻഡർ കമ്മിറ്റി അവലോകനം ചെയ്യുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ MECON കെ.എം.എം.എൽ.-ന് സമർപ്പിക്കുകയും കെ.എം.എം.എൽ. പർച്ചേസ് കമ്മിറ്റി പരിശോധിച്ച ശുപാർശകൾ മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിനു സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച കരാറുകൾക്ക് അവലോകനത്തിനും താരതമ്യപഠനത്തിനും ശേഷം കമ്പനിയുടെ പർച്ചേസ് കമ്മിറ്റി യോഗ്യതാക്രമം നിശ്ചയിക്കുന്നു. പ്രസ്തുത ക്രമനിശ്ചയ നടപടികൾ മാനേജിംഗ് ഡയറക്ടറുടെയോ, ഡയറക്ടർ ബോർഡിന്റെ സബ് കമ്മിറ്റിയുടെയോ, ഡയറക്ടർ ബോർഡിന്റെയോ അംഗീകാരത്തിനുശേഷം കരാറുകാർക്ക് MECON ഓർഡർ നൽകുകയും നടപടിക്രമങ്ങളുടെ പുരോഗതികൾ MECON-ഉം കെ.എം.എം.എൽ.-ഉം സംയുക്തമായി നിരീക്ഷിക്കുകയും ചെയ്യുന്നു.

(സി) പ്രസ്തുത വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന കൂടുതൽ തൊഴിലവസരങ്ങളെ സംബന്ധിച്ച് കമ്പനി കൺസൽട്ടന്റായ MECON വിശദമായ പഠനം നടത്തിവരികയാണ്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

14 [2051] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങൾ പൂട്ടുവാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ ഇടപെടൽമൂലം എത്ര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ ആകെ 50 ചെറുകിട വ്യവസായങ്ങളും 4 വൻകിട ഇടത്തരം വ്യവസായങ്ങളും പൂട്ടിയിട്ടുണ്ട്.

(ബി) സാങ്കേതിക വിദ്യയിൽ കാലോചിതമായ മാറ്റം വരുത്താത്തതുകൊണ്ടും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം നടത്താത്തതുകൊണ്ടുമാണ് ഇവയിൽ പലതും പൂട്ടിയിട്ടുള്ളത്. വൈദ്യുതി ചാർജ് വർദ്ധന, പ്രവർത്തന മൂലധനത്തിന്റെ അഭാവം, വിപണിയിലെ കടുത്ത മത്സരം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം തുടങ്ങിയവയും സ്ഥാപനങ്ങൾ പൂട്ടുവാൻ കാരണമായി.

(സി) ഇൻഡസ്ട്രിയൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയിലുണ്ടായിരുന്ന ഒരു സ്ഥാപനം തുറന്നു പ്രവർത്തനം ആരംഭിച്ചു. ഒരെണ്ണം കൂടി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ഇൻഡസ്ട്രിയൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയിലുണ്ടായിരുന്ന ഭഗവതി ടെക്സ്റ്റൈയിൽസ്, വണ്ണാമട, ചിറ്റൂർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

കഞ്ചിക്കോട്ടെ ടിക്കടെക്സ് പ്രോസസിംഗ് കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ പൂട്ടിക്കിടക്കുന്ന ചെറുകിട-വൻകിട വ്യവസായങ്ങൾ

15 [2052] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പൂട്ടിക്കിടക്കുന്ന ചെറുകിട-വൻകിട വ്യവസായ സ്ഥാപനങ്ങൾ എത്ര ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ തുറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ പൂട്ടിക്കിടക്കുന്ന വൻകിട-ഇടത്തരം വ്യവസായങ്ങൾ താഴെപ്പറയുന്നവയാണ് :

(1) കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കുറ്റിപ്പുറം.

(2) തോംസൺ ഡ്രഗ്സ്, നിലമ്പൂർ.

(3) യൂറോസ്പിൻ ഇൻഡസ്ട്രീസ്, ചേലപ്ര

LIBRARY ARCHIVES Kerala Legislative Assembly